64-ാമത് കേരള സ്കൂൾ കലോത്സവം തൃശ്ശൂർ
തീയതി...................
പ്രോഗ്രാം കമ്മിറ്റി

# കേരളീയ നവോത്ഥാനവും മാനവികതയും

'കേരളം ഒരു ഭ്രാന്താലയം' എന്ന പട്ടത്തിൽനിന്ന് നവോത്ഥാനത്തിൻ്റെ ചിറകുകളേന്തി നാമിന്ന് എത്തിനിൽക്കുന്നത് സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത എന്ന പെരുവഴിയിലാണ്. ഈ കാലഘട്ടത്തിലെ പരിണാമത്തിന് മറ്റൊരു കാരണമാണ് പൊതുസമൂഹത്തിൻ്റെ മസ്തിഷ്കത്തിലെ ~~പുരോ~~ പുരോഗമനചിന്തകളെ തൊട്ടുണർത്തി, അവരെ നവോത്ഥാനത്തിൻ്റെ പാതയിലേക്ക് നയിച്ചതാണ് നാമിന്ന് കാണുന്ന ഈ കേരളീയ സമൂഹവും, ഇന്ത്യത്വവും മാനവികതയും കൈകോർത്തുപോകുന്ന മലയാളി ജീവിതവും. വിവിധങ്ങളായ സംഘർഷങ്ങൾക്കും രൂപാന്തരങ്ങൾക്കും ~~അലക്കോ~~ അലങ്കോലങ്ങൾക്കും കഷ്ടപ്പാടുകൾക്കും വിധിക്കപ്പെട്ടും, തരണം ചെയ്യപ്പെട്ടും നിന്നിരുന്ന മലയാളി സമൂഹം ചെന്നെത്തിയത് നവോത്ഥാനത്തിൻ്റെ പാതയിലും, ഇന്ന്, അതിൻ്റെ ഉന്നതകൊടുമുടികളിലും ഉയർന്ന ചിന്താഗതികളിലുമാണ്. കേരളീയ സമൂഹം

64-ാമത് കേരള സ്കൂൾ കലോത്സവം ★ പ്രോഗ്രാം കമ്മിറ്റി ★

നീതി- ന്യായ വ്യവസ്ഥകൾക്ക് ന്യായമായ
മുഖം നൽകിക്കൊണ്ട് ഇന്ന് നിലനിൽക്കുന്ന ഇട-
യാത്രയെന്നത്, കഴിഞ്ഞ കാലത്തെ പോരാട്ടങ്ങ-
ളുടെയും നവോത്ഥാന നായകരുടെ പ്രവർത്ത-
നങ്ങളുടെയും ~~ഫ~~ ബാക്കിപത്രമാണ്.

കേരളീയ നവോത്ഥാനമെന്ന ആശയ-
ത്തിന് രൂപം ലഭിച്ച്, അതൊരു ചക്രം പോലെ
ഉരുണ്ടുനീങ്ങി, മാനവികതയുടെ വിളക്കുകൾക്ക്
ദീപം നൽകിക്കൊണ്ട് ~~ഫ~~ സഞ്ചരിച്ചപ്പോൾ
നാമിന്ന് കാണുന്ന സമൂഹമായി മലയാളി
സമൂഹം മാറിയിരുന്നു. സ്വാമി വിവേകാനന്ദ-
ൻ പണ്ടൊരിക്കൽ കേരളമൊരു ഭ്രാന്താല-
യമെന്ന് വിശേഷിപ്പിച്ചത് ഈ സന്ദർഭത്തിൽ,
ആദ്യപടിയായി കണക്കാക്കാവുന്നതാണ്. മനുഷ്യത്വ-
ത്തിന് തെല്ലും മൂല്യം നൽകാതെയുള്ള, ജാതി-
ഭ്രാന്തൻ അന്ധരായിപ്പോയ മനുഷ്യസമൂഹത്തി-
ലെ ചിന്തകൾ മാത്രം ഏറ്റുവാങ്ങിക്കൊണ്ട്
പിടഞ്ഞുവീണ ആത്മാക്കൾ, ശരീരങ്ങൾ. അവർ
അന്നു തൊട്ടനുഭവിച്ച ദുരിതത്തിന് മനു-
~~ഷ~~ഷ്യത്വത്തിന്റെ ഗന്ധം പാടെ നഷ്ടപ്പെട്ടുപോയി-
രുന്നു. അതോ, ആ ഗന്ധം മണക്കാൻ

അന്നത്തെ നീചദ്രോഹികൾ മറന്നുപോയതോ.
കാലങ്ങൾ ഒട്ടേറെ സഞ്ചരിച്ചു.
ഭൂമിക്കും ലോകരാജ്യങ്ങൾക്കും നിരവധി മാറ്റ-
ങ്ങൾ കൈവന്നു. നിരന്തരം ചൂഷണം ചെയ്തു-
കൊണ്ടിരുന്നവരും, ചൂഷിതരും പക്ഷെ,
അവരുടെ അവസ്ഥകളിൽ മാറ്റം വരുത്താൻ
ശ്രമിച്ചില്ല, സാധിച്ചില്ല. ഈ ദുരിതപൂർണ്ണമായ,
അനിശ്ചിതാവസ്ഥയിലാണ് മനുഷ്യത്വമെന്ന മഹാ-
വിത്തുപോകാനായി നവോത്ഥാന നായകരുടെ
രംഗപ്രവേശം. കേരളീയ സമൂഹത്തിന്റെ
അടിത്തറയായ കലയിലും സംസ്കാരത്തിലും
പോലും വിവേചനങ്ങൾ സൃഷ്ടിച്ച് അന്നത്തെ
നീചർ വാഴുന്നകാലങ്ങളിൽ, അതേ കലയും
സംസ്കാരവും തന്നെ കോർത്തിണക്കിക്കൊണ്ട്,
'മനുഷ്യത്വം ആദ്യം.' എന്ന പൊൻമാലയെ
സൃഷ്ടിച്ച്, സമൂഹത്തിനെ അണിയിക്കുകയാ-
യിരുന്നു അന്നത്തെ നവോത്ഥാന നായകരും,
സ്വാതന്ത്ര്യ ചിന്തകരും, പിന്നെ സാധു മനുഷ്യരും.
ഇത്തരം ഇടപെടലുകൾക്കും
കഷ്ടതകൾക്കുമെല്ലാം മാനവികത സാക്ഷിയായി.
ഒന്നുപറഞ്ഞാൽ ജാതി പറഞ്ഞ് തല്ലിക്കു

ഞാൻ ശ്രവിച്ചവരെയെല്ലാം, കേരളീയ മാനവികത ഇറ്റുന്ന കണ്ണിലൂടെ കാണാൻ ആരംഭിച്ചു. ആ കണ്ണാൽ കണ്ടതിനെയെല്ലാം വിവേചനബുദ്ധി മാത്രം മനസ്സിൽ സൂക്ഷിച്ച്, ദ്രോഹങ്ങൾ മാത്രം മെനഞ്ഞവരെ എരിച്ചടക്കാൻ പ്രാപ്തമായി ഒരു അഗ്നി ഗോളമായി വളർന്നു. മാനവികതയേകുന്ന മരക്കാടുകളുടെ ചില്ലകളിലൂടെ അതാകെ പടർന്ന് കാട്ടുതീയായി മാറി. ഒരുവൻ, അഗ്നിയാകുന്ന സ്വാതന്ത്ര്യ മോഹവും നവോത്ഥാനാശയങ്ങളും അവൻ മറ്റൊരു ചില്ലയായ വ്യക്തിത്വാത്മാവിലേക്ക് പകർന്നുകൊടുത്തുകൊണ്ടിരുന്നു. ആ കാട്ടുതീയിൽ അഗ്നി ഗോളങ്ങൾ ഭീമാകാരം പൂണ്ട്, നീചരായ ജാതിദ്രോഹന്മാരുടെ അടിവേരിളക്കി. നിലനിൽക്കാനാകാതെ അത്തരം പഴഞ്ചൻ ക്രോധങ്ങൾ ഓരോന്നായി കടപുഴകി. ഒടുവിൽ കാട്ടുതീയും അവയോടൊപ്പം കെട്ടുതീർന്നു, താൽക്കാലികമായി.

കേരളീയ നവോത്ഥാനത്തിന്റെ നാൾവഴികൾ ഒരു കടൽക്കര പോലെയായിരുന്നു. ചില നിമിഷങ്ങളിലത് പ്രക്ഷുബ്ധമായിരിക്കും.

64th Kerala School Kalolsavam, January 14 to 18, 2026, Thrissur

Item Code: 944 Participant Code: 021

ചില സമയങ്ങളിൽ, ആ ഭ്രാന്തമായ അലകളുടെ കെട്ട് വിട്ട്, സ്വതന്ത്ര ഭാഷിയായി ഒഴുകുകയുമായിരിക്കും. കേരളീയ നവോത്ഥാനം ഒട്ടേറെ കാലാന്തരങ്ങൾ കടന്നുവന്നൊരു ഇതിഹാസരൂപമായിരുന്നു. മാനവികത അന്നും അവനും ചുറ്റും നടന്ന ക്രൂരതകൾക്ക് വഴിപ്പെട്ടും പ്രതിരോധിച്ചും കടന്നുപോയി.

മാനവികതയെന്ന ~~അ~~ അത്ഭുതപ്രതിഭാസം, ഗുഹകളിൽനിന്നും കുടിലുകളിലേക്കു, അവിടുന്നിന്നും കൊട്ടാരങ്ങളിലേക്കും, ചിലർ, ദൈവറകളിലേക്കും ചിലർ നിഷ്കളാലയങ്ങളിലും കടന്നുകയറി. അന്നും മാനവികതയ്ക്ക് ഇത്രത്തോളം രൂപം നൽകിയത്, നവോത്ഥാനത്തിന്റെ തിരനലുകളാണ്.

ശ്രീനാരായണഗുരുവിന്റെ നവോത്ഥാന നീക്കങ്ങൾ വളരെ പ്രധാനിയായിരുന്നു അക്കാലത്തിൽ, പിന്നീട് വാഗ്ഭടാനന്ദനും ~~അ~~ പിന്നെ ചങ്ങനെ ഇത്തരം നവോത്ഥാനങ്ങൾക്കായി പാടിച്ചപ്പോൾ, മാനവികതയ്ക്ക് ചിറകുകൾ മുളയ്ക്കുകയായിരുന്നു. ആ ചിറകുകളുടെ ബലത്തിൽ തന്നാൽ കഴിയുംവിധം ആഞ്ഞു

കേരള സ്കൂൾ കലോത്സവം 64-ാം ★ പ്രോഗ്രാം കമ്മിറ്റി ★ തിയ്യതി....................

പാകാൻ ശ്രേഷ്ഠ സമൂഹവും കേരളീയ മാനവി-
കതയും എത്തിയ [struck] ഇടമാണ് ഉന്നതത്ത
ഡിജിറ്റൽ യുഗവും [struck] ഈ കാലവും.
നവോത്ഥാനത്തിന്റെ ശക്തി ലഭിച്ച
മാനവികത, താൻ തന്നെത്തന്നെ പുതിയതാക്കി-
യെന്ന മനോഭാവം കൈവന്നതോടെ പുതിയ
കുതിപ്പിലേക്ക് നീങ്ങുകയായിരുന്നു.
ജാതീയ - വംശീയ ഭേദങ്ങൾക്കി-
ടയിൽ നിന്ന് കേരളത്തിന് സ്വാമി വിവേകാനന്ദൻ,
ശ്രീനാരായണഗുരു, എന്നിന്, ബ്രിട്ടീഷുകാർ
പോലും നവോത്ഥാനവുമായി മുന്നിലെത്തി.
ഗുരുവും സ്വാമി വിവേകാനന്ദനും ഗാന്ധിജി-
യും മോഹൻ റോയുമെല്ലാം വാദിച്ചത്
മനുഷ്യകുലത്തിന്റെ നന്മയ്ക്കിൽ, ബ്രിട്ടീഷു-
കാർ തങ്ങളുടെ നിയമങ്ങൾ അനുസരിക്കാ-
നുള്ള ഉപാധി മാത്രമായി ആ നവോത്ഥാനത്തെ
കണ്ടു. ഭാരതത്തിയോടെ. എന്നിട്ടും ഇന്ന-
ത്തിൽ വിദ്യാഭ്യാസത്തിലൂടെയും കലാരംഗ-
ത്തിലൂടെയും നവോത്ഥാനത്തിന്റെ ചെറിയ[struck]
ഞങ്ങ മാനവികതയ്ക്ക് സ്വയം പാകാനും,
ചിന്താശേഷി വർധിപ്പിക്കാനുമെല്ലാം അവസരങ്ങൾ

കേരള സ്കൂൾ കലോത്സവം തീയതി........ പ്രോഗ്രാം കമ്മിറ്റി

വന്നു പുണർന്നു തുടങ്ങിയിരുന്നു.

ഇത്തരം നവോത്ഥാന പാതകൾ, അവ വിദ്യാഭ്യാസമായും, പുറംലോകത്തെ സ്പർശ്യമനുഭവിക്കുന്ന സ്വാതന്ത്ര്യത്തിന്റെ അറിവുകളുമായും മറ്റും കേരളീയ സമൂഹത്തിനുമേൽ തുറന്നപ്പോൾ, സമൂഹത്തിന്റെ മന്ദഗതിയിലായിരുന്ന വളർച്ച, അതിവേഗത്തിൽ കുതിക്കുവാനാരംഭിച്ചു.

കാലങ്ങൾക്കുമുൻപ് നവോത്ഥാനത്തിലൂടെ കേരളീയ ജനതയാർജിച്ച പുറംലോകവിവരങ്ങൾ തന്നെയാണ്, കൈമാറിവന്ന ശീലമെന്നതുപോലെ ലോകവിവരം ശേഖരിക്കാനുള്ള മലയാളികളുടെ വെമ്പലിന് ~~[illegible]~~ നിദാനം. ആ വെമ്പൽ തന്നെയാണ് മലയാളി സമൂഹത്തിനെ വിശ്വമാനവരാക്കി മാറ്റിയതും, അത് ലോകമാനവികതയ്ക്കു തന്നെ മുന്നിൽ ആശ്ചര്യമുളവാക്കിയതും.

കേരളീയ നവോത്ഥാനമെന്നത് കേവലം അടിച്ചമർത്തലുകളിൽനിന്നും ഒരു ജനതയെ ഉയർത്തിക്കൊണ്ടുവരുകയെന്നതായിരുന്നില്ല.

പ്രകാരമത് അവന് ലോകനിലവാരത്തിലുള്ള വിദ്യാഭ്യാസം നൽകലും, വ്യക്തിത്വവികസനത്തിന് സഹായമാകുന്ന പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കലും മറ്റുമായിരുന്നു. ലോകത്തെയറിയാനുള്ള ആഗ്രഹങ്ങൾ ഉദിച്ചു കേരളീയ മാനവികത അതുപിന്നീട് ശീലമാക്കുകയും, ലോകത്തെ സ്ഥിരമായി നിരീക്ഷിക്കാനും, അവയിൽ സ്വന്തമായി നിരീക്ഷണങ്ങളും അഭിപ്രായങ്ങളും കണ്ടെത്തി സ്ഥാപിക്കാനുമുള്ള മനോനിലയിലയും ചിന്താശേഷിയും ബുദ്ധിശക്തിയും നേടിയെടുത്തു.

നിർബന്ധിത വിദ്യാഭ്യാസം എന്ന ആശയമായിരുന്നു ഇതിന് തുടക്കം. അതിന് നല്ലൊരു ഉദാഹരണം തന്നെയായിരുന്നു അയ്യൻകാളിയുടെ പ്രവർത്തനങ്ങളും, വൈക്കത്തിലെ ചരിത്രപരമായ സംഭവങ്ങളും അതിന് അനുബന്ധമായ ചരിത്രവും.

സ്വന്തം നിലയ്ക്കും, ജീവിതത്തിനും മാത്രം അധ്വാനിച്ച് ജീവിച്ച്, അടിച്ചമർത്തലുകൾ സഹിച്ച് ജീവിച്ച പുരാതന കേരളീയ ചിന്തകളെയെല്ലാം തുടച്ചുനീക്കിയ

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

നവോത്ഥാന നീക്കങ്ങൾ, പിന്നീട് മാനവികത-
യെ തൊട്ടിക്കുന്ന മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചു.

കലയിലും ഭാഷയിലും സംസ്കാരത്തി-
ലും അടിയുറച്ച് ജീവിച്ച കേരളീയ സമൂഹ-
ത്തിലെ ചങ്ങലകളെ ഓരോന്നായി പൊട്ടി-
ച്ചെറിഞ്ഞ നവോത്ഥാനം, പിന്നീട് ഓരോ-
ന്നായി നിർമ്മിച്ചുവന്നത്, ഭാരതത്തിന്റെ-
തന്നെ പ്രധാനഘടകമായി മാറിയ സമൂഹ-
ത്തിനെയും മാനവികതയെയുമായിരുന്നു.

കേരളീയ നവോത്ഥാനവും മാനവികത-
യും ബന്ധപ്പെട്ടിരിക്കുന്ന വേരുകൾ സങ്കീർ-
ണ്ണമാണ്. നവോത്ഥാനം സമ്മാനിച്ച ചിന്തക-
ൾ ഊന്നിയാണ് മാനവികത ഇന്ന് നിലനി-
ൽക്കുന്നത്. ക്ഷേത്രപ്രവേശന വിളംബരം
മുതൽ കല്ലുമാല സമരം വരെ, അന്നുമു-
തൽ ക്വിറ്റ് ഇന്ത്യ വരെ, എന്നുവെന്നും.
നവോത്ഥാനം പൊട്ടിമുളച്ച സമൂഹത്തിൽ
മാനവികതയുടെ തിളക്കം വർധിച്ചു വർധിച്ചുവ-
ന്നത് പ്രഥമദൃഷ്ടിയാൽ നമുക്ക് കണ്ടറിയാൻ
സാധിക്കുന്നവയൊന്നാണ്. ഇതിനെല്ലാം ആധാര-
മായത് കേരളീയ സമൂഹത്തിന്റെ നവ സ്വപ്നം

കണ്ട നവോത്ഥാന നായകരും സ്വതന്ത്രവാ-ദികളും തന്നെയാണെന്നതിൽ തർക്കമില്ല. കൂട്ടത്തിൽ ഐക്യം കൈവിടാതെ മുന്നോട്ട് നീങ്ങിയ സാധുജനങ്ങളും പീഡിതരും ചൂഷിതരുമെല്ലാം കൂടി ഉൾപ്പെടുന്നുണ്ട് എന്നും കൂട്ടിച്ചേർക്കാം.

യഥാർത്ഥത്തിൽ കേരളീയ നവോത്ഥാനം അവസാനിച്ചുവോ? അതോ നമുക്കിനിയും പൊട്ടിച്ചെറിയാൻ ചങ്ങലകൾ ബാക്കിയോ? ഉത്തരം ലളിതമാണ്. ആ ഉത്തരത്തിനായി, ആധുനിക കാലം മാത്രം പരിശോധിച്ചാൽ മതിയാകും. കേരളീയ മാനവികത നേരിൽ സാക്ഷ്യംവഹിച്ച ചില സത്യങ്ങൾ. മതതീവ്രവാദങ്ങൾ നമ്മുടെ മണ്ണ് വിട്ടുപോയോ ഇതുവരെയും? ജനാധിപത്യം വാഴുന്ന നമ്മുടെ മണ്ണിൽ ജനാധിപത്യം സത്യമോ? അറിയുന്നതിൽ കൂടുതൽ നീച പ്രവർത്തികൾ ചെയ്യുന്നവർ ശിക്ഷിക്കപ്പെടുന്നുണ്ടോ? അറിയാത്ത എത്രയെത്ര കുറ്റകൃത്യങ്ങൾ? ശരിക്കും, വീണ്ടുമൊരു നവോത്ഥാനം തന്നെയാണ് നാം

ആവശ്യമാക്കുന്നതും, കുറവുവരുത്തിയതും.

മാനവികത സ്വപ്നം കണ്ട സ്വാതന്ത്ര്യം അവർ നേടിയെടുത്തു. അത് അക്കാലത്തെ പ്രാഥമികമായ ആവശ്യമായിരുന്നു. ആ ആവശ്യത്തിലെ പ്രധാന ഘടകമായി മാറിയതും നിങ്ങളുടെയെല്ലാം ഒരു നാമമായി നവോത്ഥാനം എന്ന് വിളിക്കപ്പെട്ടു.

പഴയ, മോശം വ്യവസ്ഥയിൽനിന്ന്, പുതിയ, മൂല്യമേറിയ വ്യവസ്ഥയിലേക്ക് മാറാനുള്ള ഊർജത്തെയും, ആ മാറ്റത്തെയും നാം നവോത്ഥാനമെന്ന് പേർചൊല്ലി വിളിച്ചു. കേരളീയ നവോത്ഥാനം, അതിന്റെ ഏറ്റവും ഉയർന്ന ഘട്ടത്തിൽ നിൽക്കുന്ന കാലഘട്ടമാണിന്നത്തേത്. ജനങ്ങൾ കൂടുതൽ കാര്യക്ഷമതയിൽ വിശ്വസിക്കുന്നവരായി. ഒരു നവോത്ഥാനത്തിന്റെ ബാക്കിപത്രമായി അവർ അവരുടെ മസ്തിഷ്കത്തെ സ്വയം അറിവിനാൽ പുതുക്കിപ്പണിഞ്ഞുകൊണ്ടേയിരുന്നു. ആ പുതുക്കൽ ചിന്തയിൽ, അവർ കടന്നുവന്ന ~~[illegible]~~

കാലത്തെ നവോത്ഥാനത്തെ പറ്റിയും അവർ പഠിച്ചു. നവോത്ഥാനത്തിന്റെ പൊരുൾ തിരിച്ചറിഞ്ഞ കേരളീയ മാനവികത, സംസ്കാരത്തിലൂന്നിയ നവോത്ഥാനം എന്തിനെ സ്വാധീചിക്കുന്നുവെന്നത് കൃത്യമായി പഠിച്ചു. കേരളീയ നവോത്ഥാനം പൂർണ്ണമായ കാലഘട്ടമാണിതെന്ന ചിന്തയോടെ അവർ കണ്ണടച്ചപ്പോൾ, പുതുതലമുറ, അവരുടെ ചുറ്റുപാടിനെ സൂക്ഷ്മമായി നിരീക്ഷിച്ചുകൊണ്ട്, പുതിയ കാലത്ത് അവർ പ്രഥമദൃഷ്ടിയാൽ കാണുന്ന അനീതികൾ നിറഞ്ഞ വ്യവസ്ഥകളിൽ നിന്നൊരു മാറ്റത്തിനായി മറ്റൊരു നവോത്ഥാനം ആഗ്രഹിക്കുന്നു. ഈ നവോത്ഥാനത്തിലൂടെ നല്ല മാറ്റങ്ങൾ അവർ പ്രതീക്ഷിക്കുന്നു. ഈ ഡിജിറ്റൽ യുഗത്തിലും മാറ്റം അനിവാര്യമായി വരുന്നതാണ് നാം കാണുന്നത്...

പ്രാചീന കേരളീയ നവോത്ഥാനത്തിനെയാണ് നാമിപ്പോൾ നേർക്കുനേർ കണ്ടത്. ഇനി വരുന്ന കാലത്തിൽ ഡിജിറ്റൽ യുഗത്തിലെ നവോത്ഥാനത്തിന് ജെൻ-സി - കളും തയ്യാറെടുപ്പുകൾ തുടങ്ങിയിരിക്കുന്നു.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

മാനവികതയ്ക്കത്യാവശ്യമായ സ്വാതന്ത്ര്യചിന്തയും യുക്തിബോധവും, അഭിപ്രായസ്വാതന്ത്ര്യത്തെ മുറുകെ പിടിച്ചുകൊണ്ടുള്ള ആവിഷ്കാരങ്ങളുമെല്ലാം, ഇദ തലമുറ തയ്യാറാക്കിവന്നിരിക്കുന്നു. നല്ല ഭാവിക്കായി, സ്വന്തം നിലയ്ക്ക് മറ്റൊരു നവോത്ഥാനത്തിനായി പോരാടാൻ അവർ ഒരുങ്ങുകയാണ്, കേരളീയ തലമുറ മാനവികത പ്രാചീനാവസ്ഥകളിൽനിന്നും, ആധുനിക കാലത്തിലേക്ക് ചുവടുവയ്ക്കാൻ കഴിച്ചുപോലെ, അവരും ഒരു കുതിപ്പിന് തയ്യാറെടുക്കുന്നു.

കേരളത്തിന്റെ വിദ്യാഭ്യാസസമ്പ്രദായത്തിനും നിയമവ്യവസ്ഥിതിക്കും അഴിച്ചുപണികൾ ആവശ്യപ്പെട്ടുകൊണ്ടുള്ള നവോത്ഥാനത്തിന് കേരളീയ മാനവികത മുന്നോട്ട് നീങ്ങുന്നു. വൈകുന്ന നീതിക്കെതിരെ ശബ്ദമുയർത്താനും, അനീതികൾക്കെതിരെ പോരാടാനും, ഒറ്റവും പ്രധാനമായി, ഇതവിദ്യേയം പറയുന്നവരെ കൈകാര്യം ചെയ്യാനും സമൂഹത്തിന് പുതിയ, വേറിട്ട രീതിയിലെ ഒരു

നവോത്ഥാനം സമ്മാനിക്കാനുമായി അവർ ഒരുങ്ങുകയാണ്. കേരളീയ ജനതയ്ക്ക് ദിവ്യ മുതൽക്കൂട്ടായി, മതവിദ്വേഷത്തിനെതിരെ നിങ്ങൾ കൈകോർത്തുള്ള ഈ തലമുറ ഇവിടെത്തന്നെ വേരുറപ്പിക്കുകയാണ്.

കേരളീയ നവോത്ഥാനം നവോത്ഥാനനായകരുടെ നേതൃത്വത്തിലൂടെ ഇരുട്ടിനെ കീറിമുറിച്ച് ജനജീവിതത്തിൽ വെളിച്ചം വിതറിയെങ്കിൽ, ആധുനിക നവോത്ഥാനത്തിൽ ന്യായമല്ലാത്ത വ്യവസ്ഥിതികളെ പാടെ പിഴുതുമാറ്റുന്ന തരത്തിലാകുമെന്നത് നിസ്സംശയം പറയാവുന്ന വസ്തുതയാണ്. എന്തൊക്കെ നവോത്ഥാനങ്ങൾ ഇവിടെ കടന്നുപോയാലും പുരോഗതിയുടെ പാതയിൽ അതിവേഗം കുതിക്കാൻ പോകുന്നത് മാനവികതയാണ്. മാനവികതയുടെ ആവശ്യങ്ങളാണ്, ഇത്തരം വ്യക്തികളായും, ആവശ്യങ്ങളായും, ഒടുവിൽ നവോത്ഥാനമായും സമൂഹത്തിൽ ഭവിക്കുക. കേരളീയ നവോത്ഥാനം, അന്നും ഇന്നും നേടിയെടുക്കാൻ പോകുന്നത് ഉയർന്ന ചിന്തയിലൂടെയുള്ള പുരോഗതിയും, മന്ദഗതിയിൽ

മാത്രം സഞ്ചരിക്കുന്ന നിയമവ്യവസ്ഥകളെ ഒതുക്കി, സമൂഹത്തിന് ഗുണമേകുന്ന നിയമരീതികൾ തന്നെയാണ്. അത് മാനവികതയുടെ മേൽ അടിച്ചേൽപ്പിക്കപ്പെട്ട ക്രൂരതയുടെ ചങ്ങലകളെ തകർത്തുകൊണ്ട് ഉയർന്നുവരവാകുമെന്നത് തീർച്ച. ആ ഉയർന്നുവരവിന്റെ പേരുതന്നെയാണ് നവോത്ഥാനവും, അതിലുപരിയായി തന്നെ നമ്മുടെ കേരളീയ നവോത്ഥാനവുമാകുന്നു.

സ്വാമി വിവേകാനന്ദൻ, ശ്രീനാരായണഗുരു, വള്ളത്തോൾ, അയ്യൻകാളി, ഗാന്ധിജി, മുതലായവരുടെ വിജ്ഞാനത്തിൽനിന്നുമുയർന്നുവന്നയാശയങ്ങളാണ് അന്ന് കേരളീയ നവോത്ഥാനം സാധ്യമാക്കിയത്. ഇന്ന്, പുതുയുഗത്തിന്റെ, ഇന്റർനെറ്റ് സംവിധാനം കൊണ്ട് വിവരശേഖരണം എളുപ്പമാക്കിയ സന്ദർഭത്തിൽ, അവർ ലോകത്താകമാനം നേടിയ വിജ്ഞാനത്തിന്റെ വെളിച്ചത്തിൽ, പുതിയ നവോത്ഥാനത്തിന് രൂപം നൽകിവരുന്നു. ഈ പുതിയ നവോത്ഥാനത്തിൽ, മാനവികത കൂടുതൽ നിർവൃതി നേടും.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

എന്നത് നിർവ്യയാണ്. കാരണം കേരളീയ നവോത്ഥാനം നൽകിയത് കേവലം മനുഷ്യർ അനുഭവിക്കേണ്ട പ്രാഥമിക സ്വാതന്ത്ര്യം മാത്രമാണ്. ഭാരതത്തിന്റെ ഭരണഘടന നൽകിയ സ്വാതന്ത്ര്യവും അവരെ സ്വതന്ത്രമാക്കിയതിലും, പുതിയ കാലത്തെ ചട്ടങ്ങൾക്ക് മാറ്റം അനിവാര്യം തന്നെയാണ്.

കേരളീയ നവോത്ഥാനം ഒരു ചരിത്രമായിരുന്നു. ഒരിക്കലും വിസ്മരിക്കാത്ത ചരിത്രം. അന്നത്തെ മനുഷ്യരുടെ വിട്ടുവീഴ്ചയില്ലാത്ത സാമൂഹിക, മാനസിക, ശാസ്ത്രീയ നവോത്ഥാനം, ഇന്നത്തെ നമ്മുടെ ജീവിതത്തിന് കാരണമായി. ഇദ കഥകൾ തന്നെയാണ് ഓരോ നാടും പറയുന്നത്. നവോത്ഥാനങ്ങളുടെ കഥകൾക്കെല്ലാം അടിസ്ഥാനമായി വിശ്വഗോളത്തിലെ എല്ലാവരും നേടിയതും നേടാൻ ഇന്നും ആഗ്രഹിക്കുന്നതും സാമൂഹിക പരിഷ്കരണങ്ങളാണ്. പഴഞ്ചൻ ആശയങ്ങളെ ദൂരെയെറിഞ്ഞ്, പരിഷ്കൃത ജീവിതം നയിക്കാനായിരുന്നു ഏവരുടെയും ആവശ്യം.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

64-ാമത് കേരള സ്കൂൾ കലോത്സവം, തൃശ്ശൂർ ★ പ്രോഗ്രാം കമ്മിറ്റി ★ തിയ്യതി....................

ആ ആവശ്യങ്ങൾ അത്യാവശ്യങ്ങളായിരുന്നു. അവയിൽനിന്നെല്ലാം മാനവികത പാഠങ്ങൾ പഠിച്ചുകൊണ്ടേയിരുന്നു. നവോത്ഥാനങ്ങൾ കേരളീയ കലകളെയും സംസ്കാരത്തെയും വീണ്ടും സ്വർഗ്ഗീയമാക്കി. അവയുടെ നിറപ്പകിട്ട് വർധിപ്പിച്ചു. അവരിൽ കൂടിയിരുന്ന ജാതി- -മത- നിറ- ഭേദങ്ങൾ പറിച്ചുകളഞ്ഞ് അവരെ ശുദ്ധീകരിച്ചു. നവോത്ഥാനങ്ങൾ കേരളത്തിന്റെ മുഖച്ഛായയെ തന്നെ മാറ്റി-മറിച്ചു. മാനവികതയുടെയും.

കേരളീയ നവോത്ഥാനം ഉയർത്തി-ക്കാട്ടിയത് മാനവികതയെ തന്നെയായിരുന്നു. അവരുടെ മൂല്യങ്ങളെയും യാതനകളെയുമൊക്കെയായിരുന്നു. അക്ഷരാർ-ത്ഥത്തിൽ കേരളീയ നവോത്ഥാനങ്ങൾ മാനവീയതയ്ക്കുള്ളതായിരുന്നു. വരാനിരിക്കുന്ന-തോ, വന്നുതുടങ്ങാൻ പോകുന്നതോ ആയ നവോത്ഥാനങ്ങളും മാനവികതയ്ക്കുവേണ്ടി തന്നെയായിരിക്കും. കാരണം ചട്ടങ്ങളെ പഠിക്കുന്നതും പരിഷ്കരിക്കുന്നതും, അവ മാനവീയതയ്ക്കായി ഒന്നും ചെയ്യുന്നില്ല ഒന്നാ

കേരള സ്കൂൾ കലോത്സവം 64-ാമത്
തിയ്യതി....................
പ്രോഗ്രാം കമ്മിറ്റി

ട്രോളിങ്ങൾ ചെയ്യുന്നുണ്ടെന്നോ. ആയ
കാരണങ്ങൾ മൂലമാണ്. ആധുനിക
കാലത്ത് വരാനിരിക്കുന്ന നവോത്ഥാനമായ-
കളും, കേരളത്തിന്റെ (ഭ്രാന്താലയമെന്ന
മുഖച്ഛായയെ മാറ്റി, നാനാ രാജ്യവാസികൾ-
ക്ക് 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന
ചിത്രം നൽകിയ നവോത്ഥാനമായകളും,
~~അവ~~ അവ അടിയുറച്ച് നിന്നതും,
അടിയുറച്ച് പ്രവർത്തിച്ചതും, മാനവികത-
യ്ക്കുവേണ്ടിയാണ്. അവന്റെ വികാസത്തി-
നാണ്. അവന്റെ സർഗശക്തിക്കുവേ-
ണ്ടിയും കൂടിയാണ്. മാറ്റുവിൻ ചട്ടങ്ങളെ
എന്നുറക്കെ വിളിച്ചുകൊണ്ട് മുതലാളിത്തത്തെ
ആട്ടിയോടിച്ച നവോത്ഥാനമായകളും, അതും,
മാനവികതയ്ക്കായി നിലനിന്നതായിരുന്നു.

കേരളീയ നവോത്ഥാനവും മാനവിക-
തയും, രണ്ടും രണ്ടിനെയും താങ്ങിനിർ-
ത്തിയിരിക്കുന്ന ഘടകങ്ങളാണ്. അവയിൽ
ഒന്ന് നിലനിൽക്കുന്നില്ലായെങ്കിൽ, മറ്റേതും
നിലനിൽക്കുകയില്ല. അന്തരത്തിലെ കടുത്ത
ബന്ധമുള്ള, ഉൾവേരുകളുള്ള ഘടകങ്ങളാണ്

64-ാമത് കേരള സ്കൂൾ കലോത്സവം, തൃശ്ശൂർ ★ പ്രോഗ്രാം കമ്മിറ്റി ★ തീയ്യതി..................

Item Code: 944 Participant Code: 021

നവോത്ഥാനവും മാനവികതയും. മാനവികതയ്ക്കുവേണ്ടി നാം കണ്ട കേരളിയുടെ മണ്ണിലെ പരിവർത്തനങ്ങൾ, നമ്മുടെ കേരളീയ നവോത്ഥാനങ്ങൾ. ഇന്നു നാമനുഭവിക്കുന്ന സ്വാതന്ത്ര്യവും, നാം അനുദിനം നേടുന്ന അറിവുകളും സൗഹൃദവാസനകൾക്കുണ്ടാകുന്ന വളർച്ചയുമെല്ലാം, നമ്മുടെ കേരളീയ നവോത്ഥാനത്തിന്റെ, ഒരു പ്രധാന അടിത്തറയാണ്.

നാം തന്നെയാണ് മാനവികത. മാനവികതയുണ്ടാകുന്നത്, വിശ്വഗോളത്തെ നിവാസികൾ കൈകോർക്കുമ്പോഴാണ്. നമ്മുടെ മനുഷ്യകുലം, മാനവികത. സമൂഹജീവികളായ നാം നേടുന്നയൊരു ~~കേരളീയ~~ അറിവും, കേരളി - നാട്ടിൽ നിന്നും ലഭിക്കുന്ന മുത്തുകളാണ്. ആ മുത്തുകൾ ഉദ മണ്ണിൽ നിക്ഷേപിച്ച ഉറത്തായ പ്രക്രിയയായിരുന്നു. നമ്മുടെ കേരളീയ നവോത്ഥാനം : നവോത്ഥാനത്തിന്റെ വിത്തുപാകിയ മണ്ണിൽ മുളച്ചുപൊന്തിയ മണ്ണിൽ നാം ഇന്നും അഭിമാനത്തോടെ ജീവിക്കുകയാണ്.

~~ഭാരത് കേരളി~~ : നവോത്ഥാന നായകർക്കും അണികൾക്കും ഇന്നും സുവർണ്ണ സ്ഥാനം ചരിത്രത്തിലുള്ളതിനും ആധാരം, അവർ നിലകൊണ്ടത് കേവലം പ്രശസ്തിക്കോ, സ്വന്തം ദേശക്കാർക്കുവേണ്ടിയുള്ള ത്യാഗമോ അല്ല. മറിച്ച്, വിശ്വമാനവികതയ്ക്കുള്ള ഒരു ശക്തമായി വഴികാട്ടിയായിരുന്നു. ആ വഴികാട്ടികൾ നടത്തിയ വഴിയിലൂടെ നടന്ന മാനവികതയാണ് ഇന്ന് വിശ്വപൗരന്മാരായി ലോകത്തെമ്പാടും എത്തിച്ചേർന്ന്, അറിവുകൾ സമ്പാദിക്കുന്നത്. കേരളീയ നവോത്ഥാനം ഇന്നും ~~[illegible]~~ പ്രസക്തമായി നിലകൊള്ളുന്നത്, നിർഭയമായും, മാനവികതയ്ക്കായി ഉയർത്തിക്കൊണ്ടുവന്ന മൂല്യങ്ങൾ കാരണം തന്നെയാണ്. അതിനാൽ കേരളീയ നവോത്ഥാനം, എന്നും മാനവികതയ്ക്ക് ഒരു വഴികാട്ടിയാണെന്ന തെളിവും പ്രാചീന നവോത്ഥാനവും, ന്യായം അന്ത്യം കുറിക്കുന്ന, പുതുയുഗ നവോത്ഥാനവും!